കേരള സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണത്തിന്റെയും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന്റെയും കാഴ്ചപ്പാടിൽ 2021–22 ബഡ്ജറ്റിൽ പ്രഖ്യാപിച്ച വനിതകൾ സംവിധാനം ചെയ്യുന്ന രണ്ട് മലയാള ഭാഷാ ഫീച്ചർ ചിത്രങ്ങളുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്ന വ്യക്തികൾ സംവിധാനം ചെയ്യുന്ന രണ്ട് മലയാള ഭാഷാ ഫീച്ചർ ചിത്രങ്ങളുടെയും നിർമ്മാണ ചുമതല കെ.എസ്.എഫ്.ഡി.സി.യിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ അവസരം പ്രയോജനപ്പെടുത്തി സിനിമാ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവരിൽ നിന്നും കെ.എസ്.എഫ്.ഡി.സി. പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.

വനിതാ സിനിമ

യോഗ്യതാ മാനദണ്ഡം

മലയാള ഭാഷാ പരിജ്ഞാനമുള്ള ഇന്ത്യൻ പൗരത്വമുള്ള വനിതാ സംവിധായകർക്ക് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്. പുതുമുഖ വനിതാ സംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംവിധായകരുടെ സിനിമ

യോഗ്യതാ മാനദണ്ഡം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന മലയാള ഭാഷാ പരിജ്ഞാനമുള്ള ഇന്ത്യൻ പൗരത്വമുള്ള സംവിധായകരായിരിക്കണം. പുതുമുഖ സംവിധായകർക്കും പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.

29.08.2021 ന്
ഇതു സംബന്ധിച്ച പരസ്യം പ്രമുഖ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. അതുപ്രകാരം പ്രൊപ്പോസൽ സമർപ്പിച്ച വ്യക്തികൾ വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുവാൻ പാടില്ല.

മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- **കെ.എസ്.എഫ്.ഡി.സി. യിലെ താത്ക്കാലിക/സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.**
- **മേൽപ്പറഞ്ഞ ഏതെങ്കിലും ഒരു വിഭാഗത്തിൽ മാത്രമെ ഒരു വ്യക്തിക്ക് അപേക്ഷിക്കുവാൻ പാടുള്ളൂ.**
- **അപേക്ഷാഫോമിൽ ഏത് വിഭാഗത്തിലേക്കാണ് പ്രൊപ്പോസൽ സമർപ്പിക്കുന്നതെന്ന് വ്യക്തമായി രേഖപ്പെടുത്തണം.**
- **ഒന്നിലധികം പ്രൊപ്പോസൽ സമർപ്പിക്കുന്നവരുടെ അപേക്ഷ പൂർണ്ണമായി നിരസിക്കുന്നതാണ്.**
- **കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച ചലച്ചിത്രങ്ങളുടെ സംവിധാനം നിർവഹിച്ചവർക്ക് കെ.എസ്.എഫ്.ഡി.സി.യുമായി കരാറിൽ ഏർപ്പെട്ട് മൂന്നുവർഷത്തിന് ശേഷം മാത്രമേ പ്രൊപ്പോസൽ സമർപ്പിക്കാൻ പാടുള്ളൂ. എന്നാൽ പ്രസ്തുത ചിത്രങ്ങൾക്ക് സംസ്ഥാന, ദേശീയ പുരസ്കാരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ അവയുടെ സംവിധായകർക്ക് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.**
- **കെ.എസ്.എഫ്.ഡി.സി നടപ്പിലാക്കി വരുന്ന പദ്ധതി പ്രകാരം ചലച്ചിത്രം നിർമ്മിക്കുവാനായി ഇതിനകം അവസരം ലഭിച്ചിട്ടുള്ള സംവിധായകർ ഈ പരസ്യപ്രകാരം പ്രൊപ്പോസൽ നൽകിട്ടുണ്ടെങ്കിൽ സെലക്ഷൻ പ്രക്രിയയിൽ നിന്നും ഒഴിവാക്കുന്നതാണ്.**

പ്രൊപ്പോസൽ

കെ.എസ്.എഫ്.ഡി.സിക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിൽ ചുവടെപ്പറയുന്നവ ഉൾപ്പെടുത്തിയിരിക്കണം.

മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- **പ്രൊപ്പോസലിൽ ഒറിജിനൽ ഫിലിം ഐഡിയ മാത്രമേ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.**
- **മലയാളത്തിൽ ആണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്.**

- വർക്കിംങ്ങ് ടൈറ്റിൽ
- ചലച്ചിത്രത്തിന്റെ ഐഡിയ*
  (50 വാക്കുകൾ)
- ട്രീറ്റ്മെന്റ് നോട്ട്** (6 പേജ്)
- വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷാഫോറം പൂരിപ്പിച്ചത്

- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ എന്ന വിഭാഗത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
- പ്രൊപ്പോസലിൽ പരാമർശിച്ചിരിക്കുന്ന ഫീച്ചർ ഫിലിമിന് ചുരുങ്ങിയത് 90 മിനിറ്റും പരമാവധി 120 മിനിറ്റും ദൈർഘ്യമുണ്ടായിരിക്കണം

BANK DETAILS

KSFDC, Canara Bank,
Vazhuthacaud Branch,
A/C: 3113 214 00 0053
IFSC: CNRB 0002607

അപേക്ഷയോടൊപ്പം മാനേജിംഗ് ഡയറക്ടർ കെ.എസ്.എഫ്.ഡി.സി. യുടെ പേരിൽ 2000/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാ ഫീസിനത്തിൽ നൽകേണ്ടതാണ്. അപേക്ഷാഫീസ് താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്യുകയോ അല്ലെങ്കിൽ ഓൺലൈൻ/ ഇല്ക്ട്രോണിക് ഫണ്ട് ട്രാൻസ്ഫറോ ചെയ്യാവുന്നതാണ്. അപേക്ഷാഫീസ് ഇപ്രകാരം ട്രാൻസ്ഫർ ചെയ്യുന്നവർ ബാങ്ക് കൗണ്ടർഫോയിൽ/യു.ടി.ആർ നം./ അനുബന്ധരേഖകൾ എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ രണ്ടു വിഭാഗത്തിലും പ്രൊപ്പോസൽ സമർപ്പിക്കുന്ന എസ്.സി.എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന സംവിധായകരെ അപേക്ഷാ ഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വനിതാ സിനിമാ വിഭാഗത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

ഒരു ഫീച്ചർ ഫിലിമിന്
150 ലക്ഷം
രൂപയാണ് പരമാവധി ബഡ്ജറ്റ്. ഇതിൽ ഡെവലപ്പ്മെന്റ്, മാർക്കറ്റിംങ്ങ് ചെലവുകൾ ഉൾപ്പെടും

പരമാവധി ബഡ്ജറ്റ്

പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി
17.01.2022
വൈകു. 5 മണി.

അവസാന തീയതി

മാനേജിംഗ് ഡയറക്ടർ
ചലച്ചിത്ര കലാഭവൻ
വഴുതക്കാട്,
തിരുവനന്തപുരം
695014

അയക്കേണ്ട വിലാസം

തെരഞ്ഞെടുക്കുന്ന രീതി

3 ഘട്ടങ്ങളിലായിട്ടാണ് സംവിധായകരെ തെരഞ്ഞെടുക്കുന്നത്

പ്രാരംഭ സ്ക്രീനിംഗ്

കെ.എസ്.എഫ്.ഡി.സി ഡയറക്ടർ ബോർഡ് നിയോഗിക്കുന്ന ഫിലിം പ്രൊഫഷണൽസ് ഉൾപ്പെട്ട ജൂറി നിർദ്ദിഷ്ട തീയതിക്കുള്ളിൽ ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അടുത്ത ഘട്ടത്തിലേക്ക് കടക്കുവാൻ യോഗ്യമായ പ്രൊപ്പോസലുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പ്രസ്തുത ലിസ്റ്റ് കെ.എസ്.എഫ്.ഡി.സി വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതാണ്.

ശില്പശാല

ലെവൽ–1ൽ സെലക്ഷൻ ലഭിച്ച പ്രൊപ്പോസലുകൾ സമർപ്പിച്ച സംവിധായകരെ പ്രഗൽഭരായ ഫിലിം പ്രൊഫഷണൽസ് നേതൃത്വം നൽകുന്ന ശില്പശാലയിലേക്ക് ക്ഷണിക്കുന്നതാണ്. ശില്പശാലയിൽ പങ്കെടുത്ത സംവിധായകർ കെ.എസ്.എഫ്.ഡി.സി നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ സമർപ്പിക്കുന്ന "സ്ക്രിപ്റ്റ് ഔട്ട്‌ലൈൻ" കെ.എസ്.എഫ്.ഡി.സി നിയോഗിക്കുന്ന ജൂറി വിലയിരുത്തി മൂന്നാം ലെവലിലേക്ക് കടക്കാൻ യോഗ്യമായ പ്രൊപ്പോസലുകൾ തെരഞ്ഞെടുക്കുന്നതാണ്. ഇങ്ങനെ സെലക്ഷൻ ലഭിച്ച പ്രൊപ്പോസലുകളുടെ വിവരം കെ.എസ്.എഫ്.ഡി.സി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മുഖ്യമായും ശ്രദ്ധിക്കേണ്ടത്

- ശില്പശാലയിൽ പങ്കെടുക്കുന്ന സംവിധായകരിൽ നിന്നും 5000/– രൂപ വർക്ക്ഷോപ്പ് ഫീസ് ഈടാക്കുന്നതാണ്.
- വനിതാ സിനിമ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ സിനിമ എന്നീ വിഭാഗങ്ങളിൽ പ്രൊപ്പോസൽ സമർപ്പിച്ച സംവിധായകർക്ക് വെവ്വേറെ ആയിട്ടായിരിക്കും ശില്പശാലകൾ സംഘടിപ്പിക്കുക.
- സ്ക്രിപ്റ്റ് ഔട്ട്‌ലൈനിനോടൊപ്പം ബഡ്ജറ്റിന്റെ കരടുരൂപവും സമർപ്പിക്കേണ്ടതാണ്.
- കോവിഡ് സാഹചര്യം വിലയിരുത്തി ശില്പശാല ഓൺലൈൻ ആയിട്ടോ നേരിട്ടോ നടത്തുന്നതാണ്.

സ്ക്രീൻപ്ലേ സമർപ്പണം

ലെവൽ 2 ൽ തെരഞ്ഞെടുക്കപ്പെട്ട സ്ക്രിപ്റ്റ് ഔട്ട്‌ലൈൻ സമർപ്പിച്ച സംവിധായകരിൽ നിന്നും അവരുടെ സ്ക്രിപ്റ്റ് ഔട്ട്‌ലൈനിനെ ആസ്പദമാക്കി തിരക്കഥ സമർപ്പിക്കാൻ ആവശ്യപ്പെടുന്നതാണ്. ലെവൽ 2 ലെ റിസൾട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം പരമാവധി 21 ദിവസമായിരിക്കും തിരക്കഥ സമർപ്പിക്കാൻ

നൽകുന്ന സമയം. ആവശ്യമെന്നു തോന്നുന്ന പക്ഷം സംവിധായകർക്ക് ഒരു തിരക്കഥാകൃത്തിന്റെ സേവനം ഈ ഘട്ടത്തിൽ ഉപയോഗിക്കാവുന്നതാണ്.

തിരക്കഥയുടെ 5 പകർപ്പുകളും 1 ഇംഗ്ലീഷ് പരിഭാഷയും സമർപ്പിക്കേണ്ടതാണ്. സ്ക്രീൻപ്ലേ സമർപ്പിക്കുന്ന എല്ലാ സംവിധായകരേയും പ്രഗത്ഭരായ ഫിലിം പ്രൊഫഷണൽസ് അടങ്ങുന്ന ഒരു ജൂറി തിരക്കഥ അവതരണത്തിനും അഭിമുഖത്തിനുമായി ക്ഷണിക്കുന്നതാണ്. പ്രസ്തുത ജൂറി തന്നെയായിരിക്കും ഓരോ വിഭാഗത്തിൽ നിന്നും രണ്ടു വീതം തിരക്കഥകൾ നിർമ്മാണത്തിനായി തിരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട തിരക്കഥകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

മേൽപ്പറഞ്ഞ എല്ലാ ജൂറിയിലേയ്ക്കും അംഗങ്ങളെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം പൂർണ്ണമായും കെ.എസ്.എഫ്.ഡി.സി യ്ക്കാണ്.

തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ആവശ്യമെന്ന് തോന്നുന്നപക്ഷം മാറ്റങ്ങൾ വരുത്തുവാൻ കെ.എസ്.എഫ്.ഡി.സി.ക്ക് അധികാരമുണ്ടായിരിക്കും.

ഓരോ ലെവലിലും ജൂറി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. ഈ വിഷയത്തിൽ ഒരു പരാതിയും സ്വീകരിക്കുന്നതല്ല.

സംശയങ്ങൾക്കായി വിളിക്കേണ്ട നമ്പർ: 77361 29145, 85909 37160

കേരളസംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

* രണ്ടോ മൂന്നോ വരികളിൽ പ്രൊപ്പോസ് ചെയ്യുന്ന ചലച്ചിത്രത്തെ വിവരിക്കുക.

** പ്രൊപ്പോസ് ചെയ്യുന്ന ചലച്ചിത്രത്തിന്റെ പ്രധാന കഥാപാത്രങ്ങൾ, സെറ്റിംഗ്, പ്ളോട്ട് പോയിന്റ്സ് എന്നിവ വ്യക്തമായിരിക്കണം. വിശദമായ സിനോപ്സിസും, അവലംബിക്കുവാൻ ഉദ്ദേശിക്കുന്ന സിനിമാറ്റിക് അപ്രോച്ചും ഉൾപ്പെടുത്തണം.

മാനേജിംഗ് ഡയറക്ടർ